

യു.ജി. ഫൗണ്ടേഷൻ കോഴ്സുകൾ 15 വരെ തിരുത്തൽ വരുത്താം

തേഞ്ഞിപ്പലം: അഫിലിയേറ്റഡ് കോളജുകൾ നാലുവർഷ ബിരുദ പ്രോഗ്രാമിൽ (CUFYUGP 2024 പ്രവേശനം) തിരഞ്ഞെടുത്ത ഒന്നാം സെമസ്റ്റർ ജനറൽ ഫൗണ്ടേഷൻ കോഴ്സ്, ഡിസിപ്ലിൻ സ്പെസിഫിക് ഫൗണ്ടേഷൻ കോഴ്സ് എന്നിവയിൽ തിരുത്തൽ വരുത്തുന്നതിനുള്ള ലിങ്ക് ഇന്ന് മുതൽ 15 വരെ കോളജ് പോർട്ടലിൽ ലഭ്യമാകും.

സ്വർണ്ണം ഗ്രാമിന്
₹ 7030

ഹജ്ജ്: രേഖകൾ സ്വീകരിക്കുന്നതിന് കൊച്ചിയിലും, കണ്ണൂരും പ്രത്യേക കൗണ്ടർ

കൊണ്ടോട്ടി: സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖാന്തരം 2025 വർഷത്തെ ഹജ്ജിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ രേഖകൾ സ്വീകരിക്കുന്നതിന് കൊച്ചി, കണ്ണൂർ എംബാർക്കേഷൻ പോയിന്റുകളിൽ പ്രത്യേകം കൗണ്ടറുകൾ പ്രവർത്തിക്കും.

എറണാകുളത്ത് 19ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ കലൂർ വഖഫ് ബോർഡ് ഓഫീസ് കോൺഫറൻസ് ഹാളിലും, കണ്ണൂരിൽ 20ന് രാവിലെ 10 മണി മുതൽ വൈകുന്നേരം അഞ്ച് മണി വരെ കണ്ണൂർ കലക്ടറേറ്റ് കോൺഫറൻസ് ഹാളിലുമാണ് രേഖകൾ സ്വീകരിക്കുക. കൂടാതെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും കരിപ്പൂർ ഹജ്ജ് ഹൗസിലും, കോഴിക്കോട് പുതിയറ റീജിയണൽ ഓഫീസിലും രാവിലെ 10 മണി മുതൽ വൈകുന്നേരം അഞ്ച് മണി വരെ രേഖകൾ സ്വീകരിക്കും. 23നാണ് രേഖകൾ സ്വീകരിക്കുന്ന അവസാന തീയതി.

മൂവർ സംഘത്തിന് രസതന്ത്ര നൊബേൽ

ഡേവിഡ് ബേക്കർ, ഡെമിസ് ഹസ്സാബിസ്, ജോൺ എം. ജംബർ

സ്റ്റോക്ക്ഹോം: 2024ലെ രസതന്ത്രത്തിനുള്ള നൊബേൽ പുരസ്കാരം മൂന്ന് ശാസ്ത്രജ്ഞർ പങ്കിട്ടു. ഡേവിഡ് ബേക്കർ, ഡെമിസ് ഹസ്സാബിസ്, ജോൺ എം. ജംബർ എന്നിവരാണ് പുരസ്കാരത്തിന് അർഹരായത്. പ്രോട്ടീന്റെ ഘടനയെക്കുറിച്ചും മറ്റുമുള്ള ഗവേഷണങ്ങൾക്കാണ് പുരസ്കാരം. കമ്പ്യൂട്ടറുകളുടെ സഹായത്തോടെ പ്രോട്ടീൻ ഡിസൈൻ സാധ്യമാക്കുകയും നിർമിതബുദ്ധി(എ.ഐ) ഉപയോഗിച്ച് പ്രോട്ടീൻ ഘടനകൾ പ്രവചിക്കാനുള്ള വിദ്യകൾ വികസിപ്പിക്കുകയും ചെയ്തുവെന്നതാണ് ഇവരുടെ സംഭാവന. അമേരിക്കയിലെ സിയാറ്റിലിൽ വാഷങ്ടൺ യൂണിവേഴ്സിറ്റി ഗവേഷകനാണ് ഡേവിഡ് ബേക്കർ.

കമ്പ്യൂട്ടേഷണൽ പ്രോട്ടീൻ ഡിസൈനിലൂടെ തികച്ചും വ്യത്യസ്തമായ പ്രോട്ടീനുകൾ രൂപപ്പെടുത്തുന്നതിൽ വിജയിച്ച ബേക്കർക്ക് സമ്മാനത്തുകയുടെ പകുതി ലഭിക്കും. ഹസ്സാബിസും ജാംബറും ലണ്ടനിൽ ഗൂഗിൾഡീപ്മൈന്റിലെ ഗവേഷകരാണ്. പുരസ്കാരത്തുകയുടെ പകുതി ഇരുവരും പങ്കിടും. അമ്പത് വർഷത്തോളം സ്വപ്നമായി അവശേഷിച്ചിരുന്ന പ്രോട്ടീനുകളുടെ ഘടനകൾ പ്രവചിക്കാനുള്ള സങ്കേതം കണ്ടെത്തിയതിന് ഇവർ പുരസ്കാരത്തിന് അർഹരായത്. ജീവന്റെ ആധാരശിലകളായ പ്രോട്ടീനുകളുടെ പ്രവർത്തന ഫലമായാണ് ജൈവരാസപ്രക്രിയകൾ നടക്കുന്നത്. പ്രോട്ടീനുകളെക്കുറിച്ചുള്ള പഠനം ഏറെ സങ്കീർണമാണ്. ഹോർമോണുകളും ആന്റിബോഡികളും രാസാഗ്നികളുമെല്ലാം പ്രോട്ടീനുകളുടെ ഗണത്തിൽ വരും. ശാസ്ത്ര ലോകത്തിന് വൻ സാധ്യതകളാണ് മൂവരും തുറന്നുകൊടുത്തതെന്ന് കെമിസ്ട്രി നൊബേൽ പുരസ്കാര സമിതി അധ്യക്ഷൻ ഹെയ്നർ ലിൻക് ചൂണ്ടിക്കാട്ടി.

കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് തിരിച്ചടി

കായിക വിഭാഗം വിദ്യാർഥികളുടെ വോട്ടവകാശം റദ്ദാക്കണമെന്ന് ഉപഹർജി ഹൈക്കോടതി തള്ളി

കൊച്ചി: കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിലുള്ള കോളജുകളിലേക്കും ഡിപ്പാർട്ട്മെന്റ് സെന്ററുകളിലേക്കും വിദ്യാർത്ഥി യൂണിയൻ ഇലക്ഷൻ നടത്തുന്നതിനായി സെപ്തംബർ 27 ഇറക്കിയ ഉത്തരവുപ്രകാരം യൂണിവേഴ്സിറ്റി ക്യാമ്പസിലെ കായിക വിദ്യാർഥികളുടെയും എംഎഫ്സി വിദ്യാർഥികളുടെയും വോട്ടർപട്ടിക പ്രസിദ്ധീകരിക്കുകയും ഇലക്ഷൻ ഷെഡ്യൂളുകൾ ഇറക്കുകയും ചെയ്തു. എന്നാൽ പ്രസിദ്ധ ഷെഡ്യൂളിലും വോട്ടർ പട്ടികയിലും കായിക വിഭാഗം വിദ്യാർത്ഥികളെയും മറ്റു എംഎഫ്സി വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയില്ല. ഇക്കാരണത്താൽ ബിപിഎഡ് വിദ്യാർത്ഥികളായ ഹിബ ഷെറിൻ, ഷിമാൽ, എംഎഫ്സി വിദ്യാർത്ഥിയായ ആൽഫി എം ബിനു എന്നിവർ എംഎസ്എഫ് സംസ്ഥാന കമ്മിറ്റിയുടെ നിയമ സഹായത്താൽ അഭിഭാഷകരായ സജൽ ഇബ്രാഹിം, അജാസ് സലിം എന്നിവർ മുഖേന ഹൈക്കോടതിയിൽ ഹർജി ഫയൽ ഫയൽ ചെയ്തത്.

ഹർജിക്കാരുടെ വാദത്തിൽ കഴമ്പുണ്ടെന്ന് കണ്ടെത്തിയ കോടതി ഹർജിക്കാരെയും സമാന ഡിപ്പാർട്ട്മെന്റിലുള്ള വിദ്യാർത്ഥികളെയും അന്തിമ വോട്ടർപട്ടികയിൽ ഉൾപ്പെടുത്താനും ഇലക്ഷനിൽ മത്സരിക്കാനും അനുമതി നൽകി ഇടക്കാല ഉത്തരവിറക്കി. എന്നാൽ ഈ ഉത്തരവ് നടപ്പിലാക്കാതെ സർവകലാശാല രജിസ്ട്രർ ഇടക്കാല ഉത്തരവർ എന്ത് ചെയ്യണം എന്ന ഉപഹർജി ഫയൽ ചെയ്യുകയും യൂണിവേഴ്സിറ്റി കീഴിൽ വരുന്നവരെല്ലെന്നും വോട്ടവകാശം നൽകാൻ ആവില്ലെന്നും ഹൈക്കോടതിയിൽ നിലപാടെടുത്തു. സെപ്തംബർ 29ന് സർവ്വകലാശാല ഇറക്കിയ ഇലക്ഷൻ ഉത്തരവ് ഉത്തരവ് സർവകലാശാലയ്ക്ക് കീഴിലെ അഫിലിയേറ്റഡ് കോളജുകൾക്കും യൂണിവേഴ്സിറ്റി സെന്ററുകൾക്കും ഡിപ്പാർട്ട്മെന്റുകൾക്കും മൊത്തത്തിൽ ബാധകമാകുന്നതാണെന്നും ആയതിൽ നിന്ന് സെന്ററുകൾ ആയ കായിക വിഭാഗത്തെയും എംഎഫ്എസ്സി വിഭാഗത്തെയും ഒഴിവാക്കാൻ ഇലക്ഷൻ നോട്ടിഫിക്കേഷൻ ഷെഡ്യൂളിലോ പ്രതിപാദിച്ചിട്ടില്ലെന്നും, കായിക വിഭാഗം പോലെ തന്നെ സമാനരീതിയിൽ ഉള്ള വയനാട് സെന്ററിലെയും തൃശ്ശൂർ സെന്ററിലെയും വിദ്യാർത്ഥികളെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സമാന രീതിയിലുള്ള വിദ്യാർത്ഥികളെ രണ്ടുതട്ടായി തരംതിരിക്കുന്നത് വേർതിരിവിന് കാരണമാകുമെന്നുമുള്ള ഹർജിക്കാരുടെ വാദവും പരിഗണിച്ചാണ് യൂണിവേഴ്സിറ്റിയുടെ ഉപഹർജി തള്ളിയത്. തുടർന്ന് മുന്നോട്ടു പോകാമെന്നും ജസ്റ്റിസ് സിയാദ് റഹ്മാൻ ഉത്തരവിട്ടു.

കാറുകളിൽ ചൈൽഡ് സീറ്റ് ഉടനില്ലെന്ന് ഗതാഗതമന്ത്രി

തിരുവനന്തപുരം: കാറുകളിൽ ചൈൽഡ് സീറ്റ് ഉടൻ നടപ്പാക്കില്ലെന്ന് ഗതാഗതമന്ത്രി കെ.ബി ഗണേഷ് കുമാർ. സംസ്ഥാനത്ത് ചൈൽഡ് സീറ്റ് നിർബന്ധമാക്കുമെന്ന് ഗതാഗത കമ്മിഷണർ കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. ഇതിന് പിന്നാലെയാണ് മന്ത്രിയുടെ തിരുത്ത്. ഇക്കാര്യം കർശനമായി നടപ്പാക്കാൻ സർക്കാർ ആലോചിച്ചിട്ടില്ലെന്ന് പറഞ്ഞ മന്ത്രി, ബോധവൽക്കരണം മാത്രമാണ് ഉദ്ദേശിച്ചതെന്നും വിശദീകരിച്ചു.

നിയമത്തിൽ പറയുന്ന കാര്യം ഗതാഗത കമ്മിഷണർ പറഞ്ഞുവെന്നേ ഉള്ളു. നടപ്പാക്കണോ എന്ന് തീരുമാനിക്കേണ്ടത് സർക്കാരാണ്. ബലം പ്രയോഗിച്ച് നടപ്പാക്കില്ല. കൂടിയാലോചന നടത്താൻ താൻ ഇവിടെ ഉണ്ടായിരുന്നില്ലെന്നും മന്ത്രി പറഞ്ഞു. ഡിസംബർ മുതൽ പിഴ ചുമത്തുമെന്നു പറഞ്ഞത് നടപ്പാക്കില്ല. കഴിവതും കുട്ടികളെ പിൻസീറ്റിൽ ഇരുത്താൻ ശ്രദ്ധിക്കുക. ബൈക്കിൽ പോകുമ്പോൾ കുഞ്ഞുങ്ങൾക്ക് ഹെൽമറ്റ് വയ്ക്കുന്നത് നല്ലതാണ്. ചൈൽഡ് സീറ്റൊന്നും ഇവിടെ കിട്ടാനില്ല. അതുകൊണ്ട് ഇതൊന്നും അടിച്ചേൽപ്പിക്കില്ലെന്നും മന്ത്രി പറഞ്ഞു.

ഇക്കാര്യത്തിൽ ഒരു ചർച്ചയാകട്ടെ എന്നു മാത്രമേ ഗതാഗത കമ്മിഷണർ കരുതിയിട്ടുള്ളു.

കേന്ദ്രത്തിന്റെ ഗതാഗത നിയമത്തിൽ പറയുന്ന കാര്യമാണിത്. നടപ്പാക്കണമെന്ന് കേന്ദ്രം ഇതുവരെ ആവശ്യപ്പെട്ടിട്ടില്ല. ആവശ്യപ്പെടുമ്പോൾ ആലോചിക്കാം. നിയമത്തിൽ പറഞ്ഞ കാര്യങ്ങൾ മുഴുവൻ നടപ്പാക്കാൻ നിന്നാൽ കേരളത്തിൽ വണ്ടി ഓടിക്കാൻ പറ്റില്ല. നിയമലംഘനം കണ്ടെത്തി സർക്കാരിനെ അറിയിക്കാൻ വാട്സാപ്പ് നമ്പർ ഉടൻ പുറത്തുവിടുമെന്നും മന്ത്രി അറിയിച്ചു.

ആഗ്രഹങ്ങൾ ബാക്കിയാക്കി ടി.പി മാധവൻ

എ.കെ.എം. ഹുസൈൻ
കൊല്ലം

വെള്ളിത്തിരയിലെ സൂപ്പർ താരങ്ങൾ നായകന്മാരായ ചലച്ചിത്രങ്ങളിൽ സ്വഭാവ നടനായി പതിറ്റാണ്ടുകളോളം തിളങ്ങിയ നടൻ ടി.പി മാധവൻ രണ്ട് പ്രധാന ആഗ്രഹങ്ങൾ ബാക്കിയാണ് യാത്രയായത്. ബോളിവുഡ് സംവിധായകനായ മകൻ രാജകൃഷ്ണമേനോനെ ഒന്നു കാണണമെന്നതായിരുന്നു ആദ്യത്തേത്. മോഹൻലാലിനെ കാണണമെന്നതായിരുന്നു മറ്റൊന്ന്. ഈ ആഗ്രഹം പലപ്പോഴും പറയുകയും പത്തനാപുരം ഗാന്ധിഭവൻ അധികൃതർ അതിനായി ശ്രമിക്കുകയും ചെയ്തെങ്കിലും അത് സാധ്യമായില്ല. നാൽപ്പതാം വയസിൽ സിനിമാരംഗത്തെത്തിയ അദ്ദേഹം തന്റെ നാലുപതിറ്റാണ്ടു കാലത്തെ സിനിമാജീവിതത്തിനിടയിൽ അറുന്നൂറോളം സിനിമകളിലും മുപ്പതിലധികം ടി.വി സീരിയലുകളിലും വേഷമിട്ടിട്ടുണ്ട്.

മലയാള സിനിമാതാരസംഘടനയായ 'അമ്മ' രൂപീകരിച്ചപ്പോൾ അതിന്റെ ആദ്യത്തെ ജനറൽ സെക്രട്ടറിയായി. 1994 മുതൽ 1997 വരെ അമ്മയുടെ ജനറൽ സെക്രട്ടറിയും 2000 മുതൽ 2006 വരെ ജോയിന്റ് സെക്രട്ടറിയുമായിരുന്നു. പത്രപ്രവർത്തകനായും പരസ്യ കമ്പനി ഉടമയായും ബോംബെ, കൽക്കത്ത, ബെംഗളൂരു എന്നിവിടങ്ങളിലെല്ലാം കഴിഞ്ഞിരുന്ന ടി.പി മാധവൻമലയാളിസംഘടനകളിലെ പ്രധാന ആകർഷണമായി. അവിടെ നാടകാഭിനയത്തിലും അദ്ദേഹം തിളങ്ങി. കൽക്കട്ടയിൽ വെച്ച് യാദൃച്ഛികമായി നടൻ മധുവുമായി പരിചയപ്പെട്ടത് ചലച്ചിത്രമേഖലയിലേക്കുള്ള വഴിയൊരുക്കുകയായിരുന്നു. അറുനൂറിലധികം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്.

സിനിമയിലെ തിരക്കുകളിൽ നിന്നൊഴിഞ്ഞ് ആശ്രമജീവിതം ആഗ്രഹിച്ച് ഹരിദ്വാറിലേക്ക് പോയ ടി.പി. മാധവന് അവിടെവച്ച് പക്ഷാഘാതം സംഭവിക്കുകയും ഹരിദ്വാറിലെ സന്യാസിമാരും മറ്റും ചേർന്ന് ആശുപത്രിയിലെത്തിച്ച് ചികിത്സിക്കുകയും ചെയ്തു. ഏകദേശം നടക്കാമെന്നായപ്പോൾ അവർ ചേർന്ന് തിരികെ നാട്ടിലേക്ക് അയയ്ക്കുകയുമായിരുന്നു.

തിരുവനന്തപുരത്തെത്തി ഒരു ലോഡ്ജ് മുറിയിൽ ദുരിതപൂർണ്ണമായ ജീവിതം നയിച്ചുവന്ന അദ്ദേഹം ഒടുവിൽ ഗാന്ധിഭവനിലേക്ക് എത്തുകയായിരുന്നു. 2016 ഫെബ്രുവരി 28 നാണ് ഗാന്ധിഭവനിലെ ത്തുന്നത്.

ഗാന്ധിഭവനിൽ നിന്നുള്ള ഏറെക്കാലത്തെ ചികിത്സയ്ക്കുശേഷം ആരോഗ്യം വീണ്ടെടുത്ത ടി.പി. സിനിമയിലെ തിരക്കുകളിൽ നിന്നും അകന്നെങ്കിലും ഗാന്ധിഭവനുമായി ബന്ധപ്പെട്ടുള്ള നിരവധി വേദികളിൽ സജീവമായിരുന്നു. വിവിധസ്ഥലങ്ങളിൽ നിരവധി പൊതുപരിപാടികളിൽ പങ്കെടുത്തു.

ഗാന്ധിഭവനിലെ കുട്ടികൾക്കും മറ്റ് അന്തേവാസികൾക്കുമൊപ്പം സമയം ചിലവിടുന്നതായിരുന്നു അദ്ദേഹത്തിന് ഏറ്റവും ഇഷ്ടമുണ്ടായിരുന്നത്. ഗാന്ധിഭവനിലെത്തിയശേഷം അദ്ദേഹത്തിന് രാമു കാര്യാട്ട് പുരസ്കാരം, പ്രേംനസീർ അവാർഡ്, കൊട്ടാരക്കര ശ്രീധരൻനായർ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. ഗാന്ധിഭവനിലെത്തിയ ശേഷം ഒരു സിനിമയിലും രണ്ട് ടെലിവിഷൻ സീരിയലുകളിലും അഭിനയിച്ചു.

ഒല ഇലക്ട്രിക് സ്കൂട്ടർ നൽകിയില്ല: 1.5 ലക്ഷം രൂപ കമ്പനിക്ക് പിഴ ചുമത്തി ഉപഭോക്തൃകോടതി

കൊച്ചി: അഡ്വാൻസ് നൽകി ബുക്ക് ചെയ്ത ഒല ഇലക്ട്രിക് സ്കൂട്ടർ യഥാസമയം നൽകുന്നതിൽ വീഴ്ച വരുത്തിയ നിർമാതാക്കൾ സ്കൂട്ടറിന്റെ വിലയും നഷ്ടപരിഹാരവും കോടതി ചെലവും 45 ദിവസത്തിനകം നൽകണമെന്ന് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കോടതി. എറണാകുളം ആലുവ സ്വദേശി നീനു ശശീന്ദ്രൻ ബെംഗളൂരുവിലെ ഒല ഇലക്ട്രിക് എന്ന സ്ഥാപനത്തിനെതിരെ സമർപ്പിച്ച പരാതിയിലാണ് കോടതിയുടെ ഉത്തരവ്. 2021 ഒക്ടോബർ മാസത്തിലാണ് അഡ്വാൻസ് നൽകി പരാതിക്കാരി സ്കൂട്ടർ ബുക്ക് ചെയ്തത്. ഒല എസ്1 ഇലക്ട്രിക് സ്കൂട്ടർ ബുക്ക് ചെയ്തതിനുശേഷം ആ മോഡൽ ലഭ്യമല്ല എന്ന് എതിർ കക്ഷി അറിയിച്ചു. തുടർന്ന് പുതിയ മോഡൽ ബുക്ക് ചെയ്തു. 1,15,332/ രൂപയും പരാതിക്കാരി നൽകി. സ്കൂട്ടർ പുതിയത് ലഭിക്കുമെന്ന ഉറപ്പു കിട്ടിയതിനെ തുടർന്ന് നിലവിലുണ്ടായിരുന്ന പെട്രോൾ സ്കൂട്ടർ വിൽക്കുകയും ചെയ്തു.

എന്നാൽ മുപ്പതിനായിരം രൂപ കൂടി അധികമായി നൽകണമെന്ന് എതിർകക്ഷി പരാതിക്കാരിയെ അറിയിച്ചു. ഇത് സേവനത്തിലെ ന്യൂനതയും അധാർമികമായ വ്യാപാര രീതിയുമാണെന്ന് പരാതിപ്പെട്ടാണ് പരാതിക്കാരി ഉപഭോക്തൃ കോടതിയെ സമീപിച്ചത്. വെബ്സൈറ്റിൽ ഉണ്ടായ സാങ്കേതിക പിഴവുമൂലമാണ് ഇത് സംഭവിച്ചതെന്നും പണംതിരിച്ചു നൽകാൻ തയ്യാറാണെങ്കിലും അത് വാങ്ങാൻ പരാതിക്കാരി തയ്യാറായില്ലെന്നും എതിർകക്ഷി ബോധിപ്പിച്ചു. സ്കൂട്ടറിന്റെ വിലയായ 1,15,332 രൂപ 9 ശതമാനം പലിശ സഹിതം പരാതിക്കാരിക്ക് നൽകണം. കൂടാതെ 25000 നഷ്ടപരിഹാരവും 10,000 രൂപ കോടതി ചെലവും 45 ദിവസത്തിനകം പരാതിക്കാരിക്ക് നൽകാനും ഉത്തരവ് നൽകി.

പൂണിത്തുറ ലോക്കൽ കമ്മിറ്റി പിരിച്ചുവിടും; ലോക്കൽ കമ്മിറ്റി സമ്മേളനം റദ്ദാക്കും

കൊച്ചി; എറണാകുളം പൂണിത്തുറയിൽ സി.പി.എം പ്രവർത്തകർ ഇരു വിഭാഗങ്ങളായി തിരിഞ്ഞ് ഏറ്റുമുട്ടിയതുമായി ബന്ധപ്പെട്ട് നടപടിയുമായി സിപിഎം എറണാകുളം ജില്ലാ കമ്മിറ്റി. പൂണിത്തുറ ലോക്കൽ കമ്മിറ്റി പിരിച്ചുവിടാനും ലോക്കൽ കമ്മിറ്റി സമ്മേളനം റദ്ദാക്കാനും ജില്ലാ കമ്മിറ്റി യോഗത്തിൽ തീരുമാനമായി. സമ്മേളനം നടത്തണമോയെന്ന് പിന്നീട് തീരുമാനമെടുക്കും. തൃക്കാക്കര ഏരിയാ കമ്മിറ്റി അംഗം വി.പി ചന്ദ്രൻ ഉൾപ്പെടെ ആറു പ്രവർത്തകരെ പാർട്ടിയിൽ നിന്നും പുറത്താക്കും.

രണ്ടു ലോക്കൽ കമ്മിറ്റി അംഗങ്ങൾക്കും മൂന്നു ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറിമാർക്കുമെതിരെയാണ് നടപടി സ്വീകരിക്കുക. സംഘർഷവുമായി ബന്ധപ്പെട്ട് ലോക്കൽ കമ്മിറ്റിയംഗം സുരേഷ് ബാബു, സൂരജ് ബാബു, സൂരജ്, സനീഷ്, ബൈജു, സുനിൽ കുമാർ എന്നിവരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിരുന്നു. ശനിയാഴ്ച വൈകീട്ട് പൂണിത്തുറ ലോക്കൽ കമ്മിറ്റി യോഗം കഴിഞ്ഞ് പ്രവർത്തകർ പുറത്തേക്കിറങ്ങുമ്പോൾ ഇരു വിഭാഗങ്ങളായി തിരിഞ്ഞ് സംഘർഷമുണ്ടാവുകയായിരുന്നു. ഇരു വിഭാഗവും പരസ്പരം ആക്രമിച്ചു. സംഭവം വിവാദമായതോടെ ജില്ലാ കമ്മിറ്റി ഇടപെടുകയായിരുന്നു.

കേരള കോൺഗ്രസിന്റെ അറുപതാം ജന്മദിനാഘോഷത്തിന്റെ ഭാഗമായി ഇന്നലെ കോട്ടയത്ത് പാർട്ടി ചെയർമാൻ പി.ജെ. ജോസഫ് പതാക ഉയർത്തുന്നു

കേരളാ കോൺഗ്രസിന്റെ പോരാട്ടം തുടരും: പി.ജെ. ജോസഫ്

കോട്ടയം: കാർഷിക വിഷയങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനോടൊപ്പം സംസ്ഥാനത്തെ കാതലായ എല്ലാ വിഷയങ്ങളും പരിഹരിക്കുന്നതിനായി കേരളാ കോൺഗ്രസിന്റെ പോരാട്ടം തുടരുമെന്ന് കേരളാ കോൺഗ്രസ് ചെയർമാൻ പി.ജെ. ജോസഫ് പറഞ്ഞു.

കേരളാ കോൺഗ്രസ് പാർട്ടിയുടെ 60ാം ജന്മദിന സമ്മേളനവും വജ്രജൂബിലി ആഘോഷപരിപാടികളുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ പശ്ചാത്തല മേഖലയെ ശക്തിപ്പെടുത്തണമെന്നും ജോസഫ് പറഞ്ഞു.

വർക്കിംഗ് ചെയർമാൻ പി.സി.തോമസ് അധ്യക്ഷത വഹിച്ചു. മോൻസ് ജോസഫ് എംഎൽഎ, ജോയി ഏബ്രഹാം, ഫ്രാൻസിസ് ജോർജ് എം.പി,തോമസ് ഉണ്ണിയാടൻ,ജോസഫ് എം പുതുശ്ശേരി, കൊട്ടാരക്കര പൊന്നച്ചൻ , ഡി.കെ.ജോൺ, ജോൺ കെ.മാത്യൂസ്, കെ.എഫ് വർഗീസ് രാജൻ കണ്ണാട്ട് അഹമ്മദ് തോട്ടത്തിൽ ,ഇ. മോഹനൻപിള്ള, ഡോ.ഗ്രേസമ്മ മാത്യു, ഡോ. ഏബ്രഹാം കല മണ്ണിൽ, ജോർജ് കുന്നപ്പുഴ, കുഞ്ഞ് കോശി പോൾ, അപു ജോൺ ജോസഫ്, വർഗീസ് വെട്ടിയാങ്കൽ, അഡ്വ ചെറിയാൻ ചാക്കോ കെ.വി കണ്ണൻ, ജോൺസ് കുന്നപള്ളി, ജയ്സൺ ജോസഫ് എന്നിവർ പ്രസംഗിച്ചു.

അങ്ങാടി നിലവാരം

സ്വർണ വില താഴ്ന്നു

കൊച്ചി

വെളിച്ചെണ്ണ : മില്ലിങ്	19400
വെളിച്ചെണ്ണ	19900
കൊപ്ര	13000-13200
പിണ്ണാക്ക് എക്സ്പെല്ലർ	3100
പിണ്ണാക്ക് റോട്ടറി	3500
കുരുമുളക്	
അൺഗാർബിൾഡ്	64400
പുതിയ കുരുമുളക്	63400
കുരുമുളക് ഗാർബിൾഡ്	66400
ചുക്ക് മീഡിയം	30000
ചുക്ക് ബെസ്റ്റ്	35000
മഞ്ഞൾ നാടൻ	ഇല്ല
സേലം-ഈറോഡ്	17000-17500
കാഞ്ഞിരക്കുരു	1850
അടയ്ക്ക	28000
അടയ്ക്ക പുതിയത്	23000
പഞ്ചസാര	4200
മുളക്	27500
ഉഴുന്ന്	10500-10500
ചെറുപയർ	10300-12000
കടല	6300-9000
മുതിര	7500
എള്ള്	19000
മല്ലി	9000-9600
പച്ചരി നമ്പർ 1	4500 - 4700
പുഴുക്കലരി (ജയ)	4200-5000
ജാതിക്ക തൊണ്ടൻ	200-270
തൊണ്ടില്ലാത്തത്	400-550
ജാതിപത്രി ചുവപ്പ്-മഞ്ഞ	900-1200
ജാതി ഫ്ളവർ ചുവപ്പ്	1200-1600
ജാതി ഫ്ളവർ മഞ്ഞ	1200-1700
ഗ്രാമ്പൂ	800 – 890
പാം ഓയിൽ	9700

കാലടി വിപണി

ജാതിക്ക തൊണ്ട്	200-260
,, തൊണ്ടില്ലാത്തത്	400-480
ജാതിപത്രി ചുവപ്പ്-മഞ്ഞ	900-1600
ജാതിഫ്ളവർ ചുവപ്പ്-മഞ്ഞ	1400-1600

റബ്ബർ മാർക്കറ്റ് കൊച്ചി

ആർ.എസ്.എസ് 5 - 19600 - 20300
ആർ.എസ്.എസ് 4- 20500
ഒട്ടുപാൽ - 13500
ലാറ്റക്സ് - 12800

കോഴിക്കോട്

വെളിച്ചെണ്ണ	21000
കൊപ്ര:	
എടുത്തപടി	13700
റാസ്	13300
ദിൽപാസ്	13800
രാജാപൂർ	18000
ഉ ണ്ട	15000

സ്വർണ്ണ വിപണി

കൊച്ചി

സ്വർണ്ണം	56240
ഗ്രാം	7030

റബർ കോട്ടയം

ആർ.എസ്.എസ് - 4 --20900
ആർ.എസ്.എസ് - 5 --20500
ഐ.എസ്.എൻ.ആർ- 20 -18600
60% ലാറ്റക്സ്- 13845

വ്യാപാരി വില

ആർ.എസ്.എസ് 4- 20600
ആർ.എസ്.എസ് 5- 20200

ശസ്ത്രക്രിയയ്ക്ക് സർക്കാർ ഡോക്ടർ കൈക്കൂലി ആവശ്യപ്പെട്ടെന്ന് പരാതി

പത്തനംതിട്ട: ശസ്ത്രക്രിയയ്ക്ക് സർക്കാർ ഡോക്ടർ കൈക്കൂലി ആവശ്യപ്പെട്ടതായി പരാതി. അടൂർ ജനറൽ ആശുപത്രി സർജനെതിരെയാണ് ആരോപണം ഉയർന്നത്. ഡോക്ടർ 12,000 രൂപ കൈക്കൂലി ആവശ്യപ്പെട്ട ശബ്ദരേഖയും പുറത്ത് വന്നിരുന്നു. സംഭവത്തിൽ ആശുപത്രി സൂപ്രണ്ടിന് രേഖാമൂലം പരാതി കൊടുത്തിട്ടും നടപടിയുണ്ടായില്ലെന്നും പരാതിക്കാരി ആരോപിക്കുന്നു. ആശുപത്രിയിൽ സർജറി ചെയ്യാൻ പണം ചോദിച്ചിട്ടില്ലെന്നാണ് ഡോക്ടർ പറയുന്നത്. പ്രൈവറ്റ് പ്രാക്ടീസ് ചെയ്യുന്ന സ്ഥലത്ത് ശസ്ത്രക്രിയ ചെയ്യാനാണ് തുക ആവശ്യപ്പെട്ടതെന്നാണ് ഡോക്ടറുടെ വിശദീകരണം. പരാതിക്കാരിയുടെ സഹോദരിയെയാണ് ചികിത്സയ്ക്കായി കൊണ്ടുപോയത്. സംഭവത്തിൽ ഡോക്ടറോട് വിശദീകരണം തേടിയെന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചു. ആശുപത്രിയിലെ ചികിത്സയ്ക്ക് പണം ചോദിച്ചിട്ടില്ലെന്നാണ് ഡോക്ടർ വിശദീകരണം നൽകിതെന്നും കൈക്കൂലി ആരോപണം വകുപ്പിന് റിപ്പോർട്ട് ചെയ്യുമെന്നും സൂപ്രണ്ട് അറിയിച്ചു.

കേരള സംസ്ഥാന ഭാഗ്യക്കുറി ONAM BUMPER BR - 99 DRAW RESULT 09/10/2024

ഒന്നാം സമ്മാനം ₹25 കോടി TG 434222 (വയനാട്)

സമാശ്വാസ സമ്മാനം ₹5 ലക്ഷം TA 434222 TB 434222 TC 434222 TD 434222 TE 434222 TH 434222 TJ 434222 TK 434222 TL 434222

കേരള ഭാഗ്യക്കുറി

രണ്ടാം സമ്മാനം ₹1 കോടി
TA 507676 (പാലക്കാട്) TD 281025 (ചിറ്റൂർ) TE 349095 (അടൂർ) TH 111240 (പയ്യന്നൂർ) TH 612456 (കൊല്ലം) TJ 201260 (മലപ്പുറം) TJ 676984 (നെയ്യാറ്റിൻകര)
TB 220261 (തിരുവനന്തപുരം) TD 519261 (തൃശൂർ) TE 488812 (പത്തനംതിട്ട) TH 346533 (കരുനാഗപ്പള്ളി) TH 714520 (പുനലൂർ) TJ 317658 (ഇരിങ്ങാലക്കുട) TK 124175 (നെയ്യാറ്റിൻകര)
TB 749816 (തിരുവനന്തപുരം) TE 340072 (പട്ടാമ്പി) TE 815670 (തൃശൂർ) TH 378331 (പാലക്കാട്) TJ 123040 (പുനലൂർ) TJ 432135 (തിരുവനന്തപുരം)

മൂന്നാം സമ്മാനം ₹50 ലക്ഷം
TC 147286 (കൊല്ലം) TD 796695 (മലപ്പുറം) TG 206219 (തൃശൂർ) TH 564251 (തിരുവനന്തപുരം) TK 123877 (പുനലൂർ)
TA 109437 (വൈക്കം) TB 449084 (ഗുരുവായൂർ) TC 556414 (പട്ടാമ്പി) TE 208023 (പാലക്കാട്) TG 301775 (എറണാകുളം) TJ 397265 (കോഴിക്കോട്) TK 323126 (പട്ടാമ്പി)
TA 632476 (മലപ്പുറം) TB 465842 (ചേർത്തല) TD 197941 (കാസർകോട്) TE 327725 (പുനലൂർ) TH 446870 (ഇടുക്കി) TJ 607008 (എറണാകുളം) TL 194832 (ആലപ്പുഴ)

നാലാം സമ്മാനം ₹5 ലക്ഷം
TA 340359 (പട്ടാമ്പി) TB 157682 (എറണാകുളം) TC 358278 (ആലപ്പുഴ) TD 168214 (തിരുവനന്തപുരം) TL 237482 (ആലപ്പുഴ)
TE 344769 (മൂവാറ്റുപുഴ) TG 789870 (തൃശൂർ) TH 305765 (കണ്ണൂർ) TJ 755588 (പാലക്കാട്) TK 379020 (തൃശൂർ) TL 322274 (പട്ടാമ്പി)

അഞ്ചാം സമ്മാനം ₹2 ലക്ഷം
TA 776439 (വടകര) TB 146716 (കോട്ടയം) TC 138022 (ഇടുക്കി) TD 626998 (കോട്ടയം)
TE 329881 (നെയ്യാറ്റിൻകര) TG 196466 (കാസർകോട്) TH 146868 (കോട്ടയം) TJ 304820 (എറണാകുളം) TK 802075 (എറണാകുളം) TL 279622 (ചിറ്റൂർ)

ആറാം സമ്മാനം ₹5000
0012 0070 0089 0128 0234 0422 0596 0792 1515 1647 1716 1756 1785 2068 2181 2345 2392 2864 3012 3065 3459 3638 3729 3908 4306 4318 4525 4840 4873 4933 5204 5546 5865 5993 6137 6267 6290 6291 6470 6582 6852 6907 7062 7076 7142 7264 7271 7328 7348 7370 7513 7598 7638 8003 8498 8535 8814 9155 9520 9819

ഏഴാം സമ്മാനം ₹2000
0187 0319 0410 0473 0496 0928 1004 1095 1126 1129 1191 1382 1461 1514 1592 1791 2022 2069 2108 2229 2397 2463 2673 2871 3179 3391 3432 3986 4207 4257 4383 4467 4479 4483 4622 4848 4925 4935 4964 5424 5473 5547 5614 5616 5663 5727 5736 5776 5786 5798 5875 5890 5973 6218 6438 6609 6698 6766 6867 6929 7081 7132 7269 7390 7419 7473 7568 7918 7922 8039 8138 8371 8398 8592 8630 8666 8675 8725 8761 8820 8890 8930 8940 8950 8951 8971 9299 9490 9748 9867

എട്ടാം സമ്മാനം ₹1000
0010 0018 0071 0088 0093 0105 0185 0197 0277 0349 0371 0409 0564 0972 1098 1149 1200 1219 1267 1346 1347 1412 1416 1547 1614 1671 1680 1721 1983 2015 2032 2110 2124 2241 2606 2614 2667 2933 3063 3251 3279 3323 3434 3462 3463 3562 3572 3655 3779 3845 3858 3903 3914 3916 4216 4312 4346 4372 4429 4451 4465 4518 4630 4788 4911 5000 5067 5071 5085 5202 5268 5380 5406 5468 5493 5529 5557 5832 5858 6072 6154 6229 6249 6299 6317 6445 6564 6664 6735 6799 6863 6878 6901 6939 6972 7047 7070 7072 7086 7116 7164 7411 7486 7698 7747 7868 7910 7965 8025 8031 8191 8228 8449 8760 8781 8791 8899 8984 9125 9160 9206 9245 9264 9275 9442 9516 9523 9538 9557 9564 9604 9606 9677 9782 9876 9878 9893 9986

ഒൻപതാം സമ്മാനം ₹500
0014 0029 0066 0267 0287 0292 0304 0312 0339 0418 0468 0475 0515 0523 0543 0578 0601 0627 0729 0731 0740 0823 0855 0856 0863 0887 1001 1049 1052 1078 1092 1114 1162 1253 1255 1264 1275 1305 1372 1393 1414 1444 1450 1565 1644 1669 1735 1803 1848 1870 1886 1893 1912 1935 1975 1998 2111 2196 2219 2316 2414 2469 2510 2594 2612 2642 2664 2739 2780 2833 2861 2922 2953 2992 3071 3094 3140 3145 3190 3202 3219 3227 3228 3308 3347 3351 3379 3442 3770 3786 3788 3802 3885 3919 3927 3932 3961 4017 4021 4047 4076 4092 4115 4125 4140 4161 4170 4183 4213 4228 4241 4244 4272 4299 4373 4387 4410 4460 4480 4504 0014 0029 0066 0267 0287 0292 0304 0312 0339 0418 0468 0475 0515 0523 0543 0578 0601 0627 0729 0731 0740 0823 0855 0856 0863 0887 1001 1049 1052 1078 1092 1114 1162 1253 1255 1264 1275 1305 1372 1393 1414 1444 1450 1565 1644 1669 1735 1803 1848 1870 1886 1893 1912 1935 1975 1998 2111 2196 2219 2316 2414 2469 2510 2594 2612 2642 2664 2739 2780 2833 2861 2922 2953 2992 3071 3094 3140 3145 3190 3202 3219 3227 3228 3308 3347 3351 3379 3442 3770 3786 3788 3802 3885 3919 3927 3932 3961 4017 4021 4047 4076 4092 4115 4125 4140 4161 4170 4183 4213 4228 4241 4244 4272 4299 4373 4387 4410 4460 4480 4504 8158 8161 8199 8216 8227 8252 8276 8292 8295 8308 8345 8377 8427 8458 8492 8518 8541 8578 8628 8703 8709 8766 8787 8800 8852 8871 8884 8908 8926 8929 8931 8933 8996 9002 9020 9067 9122 9137 9184 9195 9215 9216 9235 9296 9355 9373 9408 9421 9453 9460 9467 9501 9528 9580 9588 9615 9632 9639 9663 9666 9686 9694 9741 9795 9834 9835 9840 9843 9853 9879 9891 9908 9928 9930 9944 9990

www.statelottery.kerala.gov.in

ICICI Home Finance
കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ എച്ച് എഫ് സി ടവർ, അന്ധേരി - കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ - 40059, ഇന്ത്യ
ബ്രാഞ്ച് ഓഫീസ്: ഷോപ്പ് നം. 34/514, ഒന്നാംനില, ചോളമ്പാട്ട് ബിൽഡിംഗ്, ഇടപ്പള്ളി ടോൾ ജംഗ്ഷൻ, കൊച്ചി - 682024

പ്രൊവിസോ റൂൾ 8(6) കാണുക. സ്ഥാപന വസ്തുവിന്റെ വിൽപനയ്ക്കുള്ള വിൽപന നോട്ടീസ്

2002ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ, പ്രൊവിസോ റൂൾ 8(6) ചേർത്ത് വായിക്കുക. പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപനക്കുള്ള ഇ-ലേല വിൽപന നോട്ടീസ്. വായ്പ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെ പറയുന്ന വസ്തുക്കൾ ജപ്തി ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ "എവിടെയാണോ ഉള്ളത്" "എന്താണോ ഉള്ളത്" "എങ്ങനെയാണോ ഉള്ളത്" അതു പോലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

Sr. No.	വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ/ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	വസ്തു പരിശോധന തീയതിയും സമയവും	ലേല തീയതി, സമയം	ലേല തീയതിക്ക് ഒരു ദിവസം മുമ്പ്	സർഫേസി സ്റ്റേജ്
(A)	(B)	(C)	(D)	(E)	(F)	(H)	(I)	(J)
1	ടുട്ടു വിമൽ (വായ്പക്കാരൻ) സുലേഖ കെ.കെ. (സഹ വായ്പക്കാരൻ 1) LHCOC00001287564	റീ സർവ്വെ നം. 184/2-4, ആലുവ ഈസ്റ്റ് വില്ലേജ്, ആലുവ താലൂക്ക്, എടത്തല ഗ്രാമപഞ്ചായത്ത്, എടത്തല, ആലുവ, കേരള 683101	രൂപ 28,50,596/- (2024 സെപ്തംബർ 3 വരെ)	രൂപ 26,18,877/- രൂപ 2,61,888/-	2024 നവംബർ 6 ,11 എ.എം- 3 പി.എം.	2024 നവംബർ 13, 2 പി. എം- 3 പി.എം.	2024 നവംബർ 12	ഭൗതികമായ ജപ്തി

മാറ്റക്സ്നെറ്റ് പ്രൈവറ്റ് ലിമിറ്റഡിന്റെ (യു.ആർ.എൽ ലിങ്ക് - https://assets.matexauctions.com) വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക. സ്ഥലം ജാമ്യമായി നൽകിയവർക്ക് നവംബർ 12 2024 വൈകീട്ട് 5 മണിവരെ മുഴുവൻ തുകയും തിരിച്ചടക്കാനുള്ള അവസരം നൽകും. പണം തിരിച്ചടച്ചില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ചപ്രകാരം ജാമ്യവസ്തു വിൽപന ചെയ്യുന്നതാണ്.
ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വിലയ നിരതദ്രവ്യം (ഇ.എം.ഡി) ആർ.ടി.ജി.എസ്/ ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം ഇയിൽ പരാമർശിക്കുന്ന വിധം) എന്നിവ സഹിതം അടച്ച കവറിൽ ഐ.സി.ഐ.സി.ഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് എന്ന മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലേക്ക് നവംബർ 12 , 2024 വൈകീട്ട് 4 മണിക്ക് മുമ്പായി അയക്കേണ്ടതാണ്. താൽപര്യമുള്ള ബിഡ്ഡർമാർ രജിസ്ട്രേഷൻ ഫോമിന്റെയും ബിഡ് ടേംസ് ആൻഡ് കണ്ടീഷൻ ഫോമിന്റെയും ഒപ്പിട്ട കോപ്പി ഐ.സി.ഐ.സി.ഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് എന്ന മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലേക്ക് നവംബർ 12, 2024 വൈകീട്ട് 5 മണിക്ക് മുമ്പായി അയക്കേണ്ടതാണ്. നിരതദ്രവ്യം, തുക, ഡിമാന്റ് ഡ്രാഫ്റ്റ് (ഡിഡി) എന്നിവ നാഷണലൈസ്ഡ്/ഷെഡ്യൂൾ ബാങ്കിൽ നിന്നും ഐ.സി.ഐ.സി.ഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന് ലേലം തിരുവനന്തപുരത്ത് മാറാവുന്ന വിധത്തിലുള്ള സംശയങ്ങൾ ഉള്ളവർക്കും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ 9920807300 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
താഴെ ഒപ്പിട്ടിരിക്കുന്ന അംഗീകൃത ഓഫീസർക്ക് ഓഫറുകൾ അല്ലെങ്കിൽ ടെൻഡറുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കാനും സ്വീകരിക്കാനും നിർദ്ദേശിക്കാൻ അധികാരമുണ്ട്. വിശദമായ വ്യവസ്ഥകൾക്കും നിർദ്ദേശങ്ങൾക്കുമായി ഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക https://www.icichfc.com/
തീയതി: 10.102024, സ്ഥലം: കേരള
അംഗീകൃത ഓഫീസർ, ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്:
CIN Number U65922MH1999PLC120106

ചന്ദ്രിക
Disclaimer: ഈ പത്രത്തിൽ പ്രസിദ്ധീകരിച്ച ഏതെങ്കിലും പരസ്യങ്ങളോടു പ്രതികരിക്കും മുമ്പ് അതിന്റെ സത്യാവസ്ഥയെ കുറിച്ച് പരിശോധിക്കുകയും ആവശ്യമായ അന്വേഷണങ്ങൾ നടത്തി സ്വയം തൃപ്തരാകുകയും വേണമെന്ന് വായനക്കാരോട് അഭ്യർത്ഥിക്കുന്നു. ഈ പത്രത്തിന്റെ ഉടമസ്ഥരായ ദി മുസ്‌ലിം പ്രിന്റിങ് ആന്റ് പബ്ലിഷിങ് കമ്പനി ലിമിറ്റഡ് ഏതെങ്കിലും പരസ്യത്തിന്റെയോ പരസ്യക്കാരന്റെയോ ഏതെങ്കിലും പരസ്യക്കാരന്റെ ഉൽപന്നങ്ങളുടെയോ/സേവനത്തിന്റെയോ ആധികാരികതയെ സംബന്ധിച്ച് ഉറപ്പു നൽകുന്നില്ല. ഈ ദിനപത്രത്തിലെ പരസ്യങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിലുള്ള അവകാശവാദങ്ങൾക്കോ നഷ്ടങ്ങൾക്കോ ഒരു കാരണത്താലും ഈ ദിനപത്രത്തിന്റെ/കമ്പനിയുടെ ഉടമസ്ഥർ, പ്രസാധകർ, പ്രിന്റർ, പത്രാധിപർ, ഡയറക്ടർമാർ, തൊഴിലാളികൾ ഉത്തരവാദികളോ/ബാധ്യസ്ഥരോ ആയിരിക്കുന്നതല്ല.

ക്ലാസിഫൈഡ്സ്

Change of Name

I, HISANA THASNEEM, PASSPORT No. V2815019, ISSUED 08/09/2021 ON COCHIN. RESIDING OF CHEMBRAYOOR PUTHENP EEDIKAYIL HOUSE, KADANGODE P O, KADANGODE , PIN 680584,HAVE CHANGED MY NAME **HISANA THASNEEM AYNITHARAYIL NOUSHAD**

അറിയിപ്പ്

പറവൂർ ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ പരസ്യപ്പെടുത്തുന്നത്
KL42L 6209 നമ്പർ വാഹനത്തിന്റെ ഉടമ **SHAJI** ടി വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിച്ചിരിക്കേണ്ടതാണ്.നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ നോർത്ത് പറവൂർ

അറിയിപ്പ്

AFSAL, KARIMUTTAM HOUSE, 12/809, KAMBIVELIKKAKAM, PADAMUGAL, KAKKANAD, ERNAKULAM-682030 എന്നയാളുടെ **KL07BR 3180** നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം എറണാകുളം ആർ.ടി.ഒയെ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
ആർ.ടി.ഒയ്ക്കുവേണ്ടി

WANTED TEACHERS
For an Aided Higher Secondary School in Palakkad District.
- HSST 1. GEOGRAPHY
  2. MALAYALAM
  3. POLITICAL SCIENCE
  4. HISTORY
  5. MUSIC
- HST 1. ARABIC

Apply to Email :
neweducationkerala@gmail.com
Contact: 09539768899

അൽഫലാഹ് ഉംറ:
കൊച്ചിയിൽ നിന്നും പുറപ്പെടുന്നു.
MCF ഓഫീസ്, Mather Square
എറണാകുളം നോർത്ത്
SEP 23 26
OCT 03 10 17 24
NOV 03 10 17 25
DEC 05 15 22 23
8089118295
9388801866
H.O. : MUVATTUPUZHA